# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6158** 02.04.2018-ൽ **മറുപടിക്ക്**

ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി

| | ചോദ്യം<br><br>ശ്രീ. ഷാഫി പറമ്പിൽ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ വൈദ്യുതീകരിച്ചിട്ടില്ലാത്ത ആദിവാസി കോളനികളിലേക്ക് ലൈൻ എത്തിക്കുന്നതിന് തടസ്സങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ, വൈദ്യുതി ലൈൻ നീട്ടിയോ, അല്ലെങ്കിൽ പാരമ്പര്യേതര സ്രോതസ്സുകൾ വഴിയോ, വൈദ്യുതി എത്തിച്ചിരുന്നു. ഇനിയും വൈദ്യുതീകരിക്കാനുള്ള കോളനികൾ പുതുതായി ശ്രദ്ധയിൽപ്പെട്ടാൽ പട്ടിക വർഗ്ഗ വകുപ്പിന്റെ സഹായത്തോടുകൂടി അവ വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.<br>വൈദ്യുതി എത്തിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുള്ള ഉൾനാടൻ പ്രദേശങ്ങളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് വൈദ്യുതി നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ആദിവാസി കോളനികളിൽ സൗരനിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിച്ച് നൽകുന്നതിനുള്ള ചുമതല വൈദ്യുതി ബോർഡിനും മറ്റു ജില്ലകളിലേത് അനർട്ടിനുമാണ് ഉണ്ടായിരുന്നത്. എന്നാൽ വൈദ്യുതി ബോർഡ് കരാർ നല്കിയ കമ്പനിയുടെ അനാസ്ഥ കാരണം പണിപൂർത്തികരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനോടകം കരാർ റദ്ദ് ചെയ്തിട്ടുണ്ട്. പുനർ ദർഘാസ് ക്ഷണിച്ച് ജോലികൾ പുനരാരംഭിക്കുന്നതാണ്.<br>കെ.എസ്.ഇ.ബി. മുഖേന പ്രസരണ വൈദ്യുതി എത്തിക്കാൻ കഴിയാത്തതും, വനാന്തർ ഭാഗത്തുള്ളതുമായ ഒറ്റപ്പെട്ട ആദിവാസി കോളനികളിൽ അനെർട്ട് 2016-17 -ൽ സൗരോർജ്ജ വൈദ്യുതി ഉപയോഗ |

| | | | |
|---|---|---|---|
| | | | പ്പെടുത്തി വൈദ്യുതീകരിക്കാൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 2000 വീടുകളാണ് ഇപ്രകാരം വൈദ്യുതീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിച്ചു കഴിഞ്ഞു. |
| (ബി) | പാലക്കാട് ജില്ലയിലെ ചാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്? | (ബി) | പാലക്കാട് ജില്ലയിലെ ചാവടിപ്പാറ, വരളപ്പതി എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്തും പട്ടിക വർഗ്ഗ വകുപ്പും ചേർന്ന് 3,70,680 രൂപ അടയ്ക്കുകയും പ്രസ്തുത തുക തമിഴ് നാട് ഇലക്ട്രിസിറ്റി ബോർഡിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. അങ്ങനെ തമിഴ് നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ സപ്ലൈ എക്സ്റ്റന്റ് ചെയ്ത് ചാവടിപ്പാറ കോളനിയിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് മാത്രമുള്ള വരളപ്പതി കോളനിയിൽ പ്രോപ്പർട്ടി ക്രോസ്സിംഗ് ഒബ്ജക്ഷൻ ഉണ്ടായതിനെ തുടർന്ന് വൈദ്യുതി എത്തിക്കുവാൻ തമിഴ് നാട് ഇലക്ട്രിസിറ്റി ബോർഡിന് സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ